# സുവിശേഷ വേലയ്ക്കുള്ള അവസരങ്ങൾ വിനിയോഗിക്കുക

സന്തോഷ് കരുമത്ര

കർത്താവിന്റെ വചനത്തിനായുള്ള ദാഹം ഇന്നു മറ്റേത് കാലഘട്ടത്തേക്കാളുമുപരി അനേകം വ്യക്തികളിൽ നമുക്കു കാണാനാകും. ദൈവവചനം കേൾക്കാൻ സമ്പത്തും സമയവും നഷ്ടപ്പെടുത്തി ധാരാളം പേർ ഓടിക്കൂടുന്നുണ്ട്. നമ്മുടെ നാട്ടിൽ മാത്രമല്ല, ലോകത്തിന്റെ ഏതു കോണിൽ നോക്കിയാലും ദൈവ വചനത്തോടുള്ള ഈ ദാഹം കാണാനാകും.

**'ദൈവവചനം ശ്രവിക്കാൻ ജനങ്ങൾ അവനു ചുറ്റും തിങ്ങിക്കൂടി.' (ലൂക്കാ 5: 1)**

ഗനേസറത്ത് തടാകത്തിന്റെ കരയിൽ കൂടിയ ജനക്കൂട്ടം കർത്താവിന്റെ വചനം കേൾക്കാൻ കാട്ടിയ ആവേശവും ദാഹവുമാണ് ഈ വചനങ്ങളിൽ കാണുന്നത്. യേശു പറയുന്നതു കേൾക്കാൻ ജനം അവനു ചുറ്റും തിങ്ങിക്കൂടി. അവർ യേശുവിന് ഏറ്റവും അടുത്തിരുന്ന് വചനം കേട്ടു. അകലെ മാറി നിന്നുകൊണ്ട് വചനം കേൾക്കാനല്ല, മറിച്ച് അടുത്തു വരുവാനാണ് ദൈവം നമ്മോടും പറയുന്നത്. പലർക്കും ദൈവത്തിന്റെ വചനം അടുത്തുനിന്നുകൊണ്ട് കേൾക്കുക കുറച്ചിലാണ്. എന്നാൽ വചനം ദൈവത്തിന്റെ ശക്തിയാണെന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു.

ഒരു ഭാഗത്ത് വചനം ശ്രവിക്കാൻ കടന്നുവരുന്ന ജനം, മറുഭാഗത്ത് അവരോട് വചനം പറയുവാൻ ആഗ്രഹിക്കുന്ന യേശു. ഇത്ര വലിയ ജനക്കൂട്ടത്തോട് സംസാരിക്കാനുള്ള സൗകര്യം അവിടെ ഉണ്ടായിരുന്നില്ല. യേശു നോക്കിയപ്പോൾ അവിടെ രണ്ട് വള്ളങ്ങൾ കിടക്കുന്നതു കണ്ടു. വള്ളങ്ങളിൽ ഒന്ന് ശിമയോൻ പത്രോസിന്റേതായിരുന്നു. വള്ളം കരയിൽനിന്ന് അൽപം അകലേയ്ക്കു മാറ്റിയിടാൻ യേശു പത്രോസിനോടു പറഞ്ഞു.യേശു തനിക്ക് ലഭിച്ച അവസരത്തെ ദൈവരാജ്യത്തിനു വേണ്ടി ഉപയോഗിക്കുകയാണ്. കർത്താവിന്റ രാജ്യത്തിനും അവിടുത്തെ മഹത്വത്തിനും വേണ്ടി നമുക്കു ലഭിക്കുന്ന എല്ലാ അവസരങ്ങളും നമ്മൾ വിനിയോഗിക്കണം.

അനേകം വ്യക്തികൾ തങ്ങൾക്കു ലഭിക്കുന്ന എല്ലാ അവസരങ്ങളും വിനിയോഗിക്കാത്തതാണ് പല അവസരങ്ങളിലും വചനത്തിന്റെ ശക്തി വേണ്ടവിധത്തിൽ വെളിപ്പെടാത്തതിന്റെ കാരണം. അനുയോജ്യമായ അവസരം ലഭിച്ചാൽ മാത്രമേ യേശുവിനെ പ്രഘോഷിക്കുകയുള്ളൂ എന്നു ചിലർ ശഠിക്കുന്നു. അതുമൂലം ക്രിസ്തുവിന്റെ നാമം വേണ്ടവിധത്തിൽ മഹത്വപ്പെടുന്നില്ല. ആഗ്രഹിക്കുന്ന ആയിരങ്ങളിലേയ്ക്കും വേദന അനുഭവിക്കുന്ന അനേകരിലേയ്ക്കും ദൈവവചനം എത്തുന്നില്ല. ദൈവരാജ്യ വിസ്തൃതിക്കായും സഭയെ പടുത്തുയർത്താനും വേണ്ടി നമുക്കു ലഭിക്കുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം.

**മറിയത്തിന്റെ ശുശ്രൂഷ**

യേശു താൻ ഉയർപ്പിച്ച ലാസറിന്റെ ഭവനത്തിൽ അത്താഴത്തിനെത്തിയപ്പോൾ (യോഹ 12) ലാസറിന്റെ സഹോദരി മറിയം വിലപിടിപ്പുള്ള നാർദീൻ സുഗന്ധ തൈലമെടുത്ത് യേശുവിന്റെ പാദത്തിൽ പൂശി ശുശ്രൂഷ ചെയ്യുന്നു. യേശുവിനെ ശുശ്രൂഷിക്കാൻ തനിക്കു ലഭിച്ച അവസരം മറിയം പൂർണമായി പ്രയോജനപ്പെടുത്തി. നാളുകൾ കഴിഞ്ഞ് യേശു കുരിശിൽ ബലിയായി മാറി. അരിമത്തിയാക്കാരൻ ജോസഫിന്റെ കല്ലറയിൽ യേശുവിനെ സംസ്കരിച്ചു. പിറ്റേന്ന് മറിയവും മറ്റു സ്ത്രീകളും കൂടി കല്ലറയിൽ യേശുവിന്റെ ശരീരത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശുന്നതിനായി എത്തിയപ്പോൾ അവർക്ക് അവനെ കാണാൻ കഴിഞ്ഞില്ല. ആ സ്ത്രീകൾ യേശുവിന് ശുശ്രൂഷ ചെയ്യാൻ ആഗ്രഹിച്ചു, എന്നാൽ അവർക്ക് അതിന്

അവസരം ലഭിക്കുന്നില്ല.യേശുവിനെ പ്രഘോഷിക്കാനും ദൈവവചന ശുശ്രൂഷയിൽ പങ്കാളികളാകുവാനും ലഭിക്കുന്ന എല്ലാ അവസരങ്ങളും നമ്മൾ പ്രയോജനപ്പെടുത്തണം. കാരണം പിന്നീട് അവസരം ലഭിക്കണമെന്നില്ല.

## പത്രോസിന്റെ അനുസരണ

ഗനേസറത്ത് തീരത്ത് യേശു തന്റെ ശുശ്രൂഷയ്ക്കായി വള്ളം മാറ്റിയിടാൻ ആവശ്യപ്പെട്ടപ്പോൾ പത്രോസ് അത് അനുസരിച്ചു. രാത്രി മുഴുവൻ വലയെറിഞ്ഞിട്ട് ഒരു ചെറുമീൻ പോലും കിട്ടാതെ തളർന്ന് നിൽക്കുമ്പോഴാണ് വള്ളം മാറ്റിയിടാൻ ആവശ്യപ്പെട്ടത്. തന്റെ ക്ഷീണവും ബുദ്ധിമുട്ടുകളും ഗൗനിക്കാതെ അവൻ അതിനു തയാറാകുന്നു. അതിന് അവൻ ഒഴിവുകഴിവുകളൊന്നും പറയുന്നില്ല. ഇന്ന് സഭയ്ക്ക് ആവശ്യം ഇത്തരത്തിൽ സുവിശേഷ ദർശനമുള്ള മാതാപിതാക്കളെയും യുവജനങ്ങളെയും ദമ്പതികളെയും സമർപ്പിതരെയുമാണ്. നമ്മുടെ മക്കളെയും സമ്പത്തും സമയവും ആരോഗ്യവും ദൈവ ശുശ്രൂഷയ്ക്കായി വിട്ടു നൽകുമ്പോൾ അതു മാനിച്ച് തലമുറകളിലേയ്ക്ക് അനുഗ്രഹം ചൊരിയുന്നവനാണ് നമ്മുടെ ദൈവം.

## ആവശ്യങ്ങൾ അറിയുന്ന ദൈവം

യേശു സംസാരിച്ചു കഴിഞ്ഞപ്പോൾ അവൻ ശിമയോനോടു പറഞ്ഞു: **ആഴത്തിലേയക്കു നീക്കി മീൻപിടിക്കാൻ വലയിറക്കുക(ലൂക്കാ 5: 4)**. തനിക്കു ശുശ്രൂഷ ചെയ്ത പത്രോസിന്റെ ആവശ്യത്തെ കർത്താവ് തിരിച്ചറിഞ്ഞു. നമ്മുടെ അവശ്യങ്ങൾ ഗൗനിക്കാതെ കടന്നു പോകുന്നവനല്ല നമ്മുടെ കർത്താവ്. പത്രോസ് മറിച്ചൊന്നും പറയാതെ കർത്താവ് പറയുന്നത് അനുസരിക്കാൻ തയാറായി. അനുസരിക്കുമ്പോഴാണ് നമ്മുടെ കുടുംബങ്ങളിലും ശുശ്രൂഷകളിലും ദൈവകൃപ വെളിപ്പെടുന്നത്. ദൈവസാന്നിധ്യം നമ്മിൽ വെളിപ്പെടണമെങ്കിൽ യേശു പറയുന്നത് അനുസരിച്ചേ മതിയാകൂ.

**വലയിറക്കിയപ്പോൾ അവർക്ക് ധാരാളം മൽസ്യം കിട്ടി (ലൂക്കാ 5: 6)**. അങ്ങനെ യേശു തന്റെ ശക്തി പത്രോസിനെ ബോധ്യപ്പെടുത്തുകയും പ്രിയ ശിഷ്യനായി തിരഞ്ഞെടുക്കുകയും ചെയ്തു. മീൻ പിടിക്കുന്നവനായ ശിമയോനെ മനുഷ്യരെ പിടിക്കുന്നവനാക്കിയ കർത്താവ് ഇത്തരമൊരു തിരഞ്ഞെടുപ്പ് നമ്മുടെ ജിവിതത്തിലും മുന്നോട്ടു വയ്ക്കുന്നുണ്ട്. ദൈവരാജ്യത്തിനു വേണ്ടി, അവന്റെ ശുശ്രൂഷയ്ക്കു വേണ്ടി, സഭയുടെ വളർച്ചയ്ക്കുവേണ്ടി അവൻ നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. ഈ വിളി സ്വീകരിച്ച് നമ്മുടെ ജീവിതങ്ങളെ കർത്താവിനായി സമർപ്പിക്കാം.